**അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി**

118 (4404) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണമെന്നുള്ള ആവശ്യം ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ആയുർവ്വേദ മരുന്ന നിർമ്മാണ മേഖലയുടെ വളർച്ചയ്ക്കുതകുന്ന കർമ്മ പദ്ധതികൾ**

119 (4405) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ മരുന്ന നിർമ്മാണ സ്ഥാപനങ്ങൾ പ്രതിസന്ധിയിൽ ആണോയെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്ത് ഗ്രഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് നടപ്പാക്കിയതിന് ശേഷം ആയുർവ്വേദ നിർമ്മാണ യൂണിറ്റുകളിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആയുർവ്വേദ മരുന്ന നിർമ്മാണ മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കുതകുന്ന കർമ്മ പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ആയുർവ്വേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽനിന്നും നൽകിവരുന്ന പുതിയ ലൈസൻസുകളുടെ എണ്ണത്തിൽ പ്രതിവർഷം കുറവ്

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണ സ്ഥാപനങ്ങളുടെ പ്രതിസന്ധിക്ക് മുഖ്യകാരണം പച്ചമരുന്നുകളുടെ ലഭ്യതക്കുറവും അസംസ്കൃത ഔഷധങ്ങളുടെ വിലവർദ്ധനയുമാണ്. കൂടാതെ ലഭിക്കുന്ന പച്ചമരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായുള്ള സംവിധാനം ഇല്ലാം കുറവാണെന്നതും കേന്ദ്ര ആയുഷ് ഡിപ്പാർട്ട്മെന്റ് ഔഷധ നിർമ്മാണശാലകൾക്ക് ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് നിർബന്ധമാക്കിയത് പ്രാവർത്തികമാക്കുവാൻ ചെറുകിട സ്ഥാപനങ്ങൾക്ക് സാധിക്കാതെ വന്നതും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

(ബി) ഉണ്ട്. ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുകയോ നിലവിലെ ലൈസൻസ് പുതുക്കി നൽകുകയോ ചെയ്യേണ്ട എന്ന് ആയുഷ് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ആയുർവ്വേദ ഔഷധ നിർമ്മാതാക്കളും ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസിന് അനുസൃതമായി ഷെഡ്യൂൾ ടി നോംസ് പൂർണ്ണമായി നടപ്പിലാക്കണമെന്ന് സംസ്ഥാന ആയുർവ്വേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം അറിയിക്കുകയുണ്ടായി. ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസിന് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സാമ്പത്തികം അനുവദിക്കാത്ത പല നിർമ്മാതാക്കളും ലൈസൻസ് സറണ്ടർ ചെയ്യുകയോ സ്ഥാപനം നിർത്തുകയോ ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**മരുന്നിന്റെയും സാമ്പിളുകളുടെയും ഗുണനിലവാരം**

120 (4406) ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ലാബുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം;

(ബി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ മരുന്നിന്റേയും സാമ്പിളുകളുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്;

(സി) കഴിഞ്ഞ 12 മാസത്തിനിടെ ഗുണനിലവാരമില്ലാത്ത എത്ര മരുന്നുകൾ പരിശോധനയിൽ കണ്ടെത്തുവാൻ കഴിഞ്ഞു; പ്രസ്തുത മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly